പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

## ഡ്യൂട്ടി സമയത്ത് പരിക്കേറ്റ ഗ്രേഡ് എസ്. ഐ.യുടെ കുടുംബത്തിന് ജോലി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :128 23/01/2018-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.ടി.വി.രാജേഷ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ പരിയാരം പോലീസ് സ്റ്റേഷനിൽ ഗ്രേഡ് എസ്. ഐ. ആയി ജോലി ചെയ്ത് വരവെ ഡ്യൂട്ടി സമയത്ത് 16.05.2015 ന് മണൽ മാഫിയയുടെ ആക്രമണത്തിൽ തലയ്ക്കും കണ്ണിനും കഴുത്തിനും ഗുരുതരമായി പരിക്കേറ്റ് ഇപ്പോഴും ചികിത്സയിൽ കഴിയുന്ന ശ്രീ. കെ. എം. രാജന് എന്തൊക്കെ സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് പറയാമോ ; | (എ) | ശ്രീ. കെ. എം. രാജൻ അപകടത്തിൽപ്പെട്ട് ചികിത്സയിൽ കഴിയുന്ന സമയം ടിയാന് G.O (Rt.) No.1852/2015/ ആഭ്യന്തരം പ്രകാരം 7,56,680/- രൂപയും G.O (Rt.) No.1189/2016/ ആഭ്യന്തരം പ്രകാരം 5,67,856/- രൂപയും കൂടാതെ കേരള പോലീസ് വെൽഫയർ & അമിനിറ്റി ഫണ്ടിൽ നിന്നും 3,00,000/- രൂപ തിരിച്ചടവില്ലാത്ത ഗ്രാന്റ് ഇനമായും 1,00,000/- രൂപ പലിശരഹിത വായ്പയായും അനുവദിച്ച നൽകിയിട്ടുള്ളതും ടി വായ്പയുടെ തിരിച്ചടവ് പൂർത്തിയായിട്ടുള്ളതുമാണ്. ടിയാന്റെ ചികിത്സയ്ക്കായി ചെലവായ 1,66,431/- രൂപ റീഇമ്പേഴ്സ്മെന്റ് ചെയ്യുന്നതിനുള്ള അപേക്ഷ പരിഗണനയിലാണ്. |
| (ബി) | മറ്റ് കാര്യങ്ങളൊന്നും ചെയ്യാൻ കഴിയാതെ , ഗുരുതരാവസ്ഥയിൽ കഴിയുന്ന ശ്രീ. കെ. എം. രാജന്റെ കുടുംബത്തിൽ ആർക്കെങ്കിലും ജോലി നൽകുന്നതിന് അനുകൂല നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് സമർപ്പിച്ച നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ? | (ബി) | പരിശോധിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ